വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) ഉണ്ട്.

(ബി) ലാഭകേന്ദ്രങ്ങളായി പ്രവർത്തിച്ചുവരുന്ന കെ. എസ്. ഇ. ബി.-യെ ഉൽപ്പാദനം, പ്രസരണം, വിതരണം, എന്നീ മേഖലകളിൽ സർക്കാർ ഉടമസ്ഥതയിലുള്ള സ്വതന്ത്ര കമ്പനികളാക്കി പുനഃസംഘടിപ്പിക്കുകയും പിന്നീട് പ്രവർത്തനക്ഷമത വിലയിരുത്തി ഉടമസ്ഥത പുനഃപരിശോധിക്കുകയും ചെയ്യുക തുടങ്ങിയവയാണ് വൈദ്യുതി ബോർഡിന്റെ ഘടനാപരമായ മാറ്റങ്ങളെ സംബന്ധിച്ച് എ. ഡി. ബി.-യുടെ കൺസൾട്ടന്റുമാരായ 'ക്രിസിൽ ആന്റ് നെക്സന്റ്' സമർപ്പിച്ച ശുപാർശകൾ.

(സി) സംസ്ഥാന വൈദ്യുതി മേഖലയുടെ നവീകരണം, നടപ്പിലാക്കേണ്ട രീതി, അതിനാവശ്യമായ നിയമപരവും നിയന്ത്രണ വിധേയമാകേണ്ടതുമായ കാര്യങ്ങൾ, എ. ഡി. ബി.-യുടെ സാമ്പത്തിക സഹായം ലഭ്യമാകേണ്ടതായ പദ്ധതികൾ, അവയുടെ സാമ്പത്തിക സാമൂഹിക പാരിസ്ഥിതിക സംബന്ധമായ നിർദ്ദേശങ്ങൾ എന്നിവയാണ് മറ്റു ശുപാർശകളായി 'ക്രിസിൽ ആന്റ് നെക്സന്റ്' സമർപ്പിച്ചിട്ടുള്ളത്.

(ഡി, ഇ) 2003-ലെ കേന്ദ്ര വൈദ്യുതി നിയമം സംസ്ഥാനത്ത് നിലവിൽ വന്നതോടുകൂടി ടി റിപ്പോർട്ട് ഇപ്പോൾ പ്രസക്തമല്ല. ടി നിയമപ്രകാരമുള്ള വൈദ്യുതി മേഖലയുടെ പുനഃസംഘടനയ്ക്ക് സർക്കാർ തലത്തിൽ നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

മൽസ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണ വായ്പ

*26 [206] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൽസ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള ഭവനനിർമ്മാണ വായ്പകൾ എഴുതിതള്ളി അവർക്ക് കടാശ്വാസം നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ചുള്ള നടപടികൾ പൂർത്തിയാകാത്തതിൽ മൽസ്യത്തൊഴിലാളികൾക്കിടയിൽ ആശങ്കയും പ്രതിഷേധവും ഉണ്ടായിട്ടുണ്ട് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിലുള്ള നടപടികൾ എത്രയും വേഗം പൂർത്തിയാക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) കടാശ്വാസം നൽകാനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്.

(ബി) ഉണ്ട്.

(സി) വിശദമായി പഠിച്ച് ഇതു സംബന്ധിച്ച് ഉചിതമായ തീരുമാനം കഴിയുന്നത്ര വേഗത്തിൽ എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly